**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 595** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ വൈദ്യുതി വിതരണ വികസന പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

**(എ)** കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ വൈദ്യുതി വിതരണ വികസനത്തിനായി ഏതൊക്കെ പ്രധാന പദ്ധതികളാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കാഞ്ഞങ്ങാട് നിജോയജകമണ്ഡലത്തിൽ വൈദ്യുതി വിതരണ വികസനത്തിനായി ദ്യുതി-1 & 2, ദ്യുതി സ്പെഷ്യൽ, ആർ.ഡി.എസ്.എസ് എന്നീ പദ്ധതികളാണ് നിർദ്ദേശിച്ചിട്ടുള്ളത്.

**(ബി)** അതിൽ ഏതൊക്കെ പദ്ധതികൾക്ക് അംഗീകാരം നൽകിയെന്നും അവയുടെ നിലവിലെ അവസ്ഥ എന്താണെന്നും വിശദമാക്കാമോ;

**<u>മറുപടി:</u>** കാസർഗോഡ് സ്പെഷ്യൽ പാക്കേജിൽ ദ്യുതി സ്പെഷ്യൽ പദ്ധതി സംബന്ധിച്ച് കെ.എസ്.ഇ.ബി.എസ് ശിപാർശ തയ്യാറാക്കിയിട്ടുണ്ട്. ഇതിന് ലഭ്യമായ ടെണ്ടർ, PAC തുകയേക്കാൾ 16% അധികമായതിനാൽ ഈ ടെണ്ടർ അംഗീകരിക്കുന്നതിന് പ്രത്യേക അംഗീകാരം ലഭ്യമാക്കുന്നതിന് കഴിയുമോ എന്ന് ആരാഞ്ഞ് കെ.എസ്.ഇ.ബി.എൽ നൽകിയ ശിപാർശ സർക്കാർ പരിശോധിച്ചു വരികയാണ്.

ദ്യുതി-1’ (DYUTHI-1) പദ്ധതിയുടെ പ്രവർത്തനങ്ങൾ പൂർത്തിയായി. നിലവിൽ ദ്യുതി-2’ (DYUTHI -2), ‘RDSS’ എന്നീ പദ്ധതികളുടെ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇവയിൽ ഉൾപ്പെടുന്നവ താഴെ പറയുന്നവയാണ്.

1. HT ലൈൻ നിർമ്മാണം (ഭൂഗർഭ കേബിൾ-UG Cable, ABC, ഓവർഹെഡ്- OH എന്നിവ ഉപയോഗിച്ച്).
2. കവേർഡ് കണ്ടക്ടറും ഓവർഹെഡ് ലൈനും ഉപയോഗിച്ച് കണ്ടക്ടർ നവീകരണം (Reconductoring).
3. എൽ.ടി ലൈൻ നിർമ്മാണം (ABC, കവേർഡ് കണ്ടക്ടർ, ഓവർഹെഡ് ലൈൻ എന്നിവ ഉപയോഗിച്ച്)
4. ട്രാൻസ്ഫോർമർ സ്ഥാപിക്കലും ശേഷി വർദ്ധിപ്പിക്കലും.
5. എൽ.ടി ലൈൻ സിംഗിൾ ഫേസിൽനിന്ന് ത്രീ ഫേസിലേക്ക് മാറ്റൽ.
6. എൽ.ടി ലൈനിലെ കണ്ടക്ടർ നവീകരണ പ്രവൃത്തി.

**(സി)** ഇനിയും അംഗീകാരം നൽകാൻ ബാക്കിയുള്ള പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിൽ കാലതാമസം നേരിടുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ?

**മറുപടി:** ദ്യുതി സ്പെഷ്യൽ പദ്ധതിക്ക് കാലതാമസം ഉണ്ടായിട്ടുണ്ട്. Excess എസ്റ്റിമേറ്റ് ആയതിനാൽ അക്കാര്യം കെ.എസ്.ഇ.ബി ലിമിറ്റഡ് പരിശോധിച്ച് ഇതിന് ലഭ്യമായ ടെണ്ടർ, PAC തുകയേക്കാൾ 16% അധികമായതിനാൽ ഈ ടെണ്ടർ അംഗീകരിക്കുന്നതിന് പ്രത്യേക അംഗീകാരം ലഭ്യമാക്കുന്നതിന് കഴിയുമോ എന്ന് ആരാഞ്ഞ് കെ.എസ്.ഇ.ബി.എൽ നൽകിയ ശിപാർശ സർക്കാർ പരിശോധിച്ചു വരികയാണ്.

**സെക്ഷൻ ഓഫീസർ**